(ഇ) ഇല്ലെങ്കിൽ അതിനു കാരണമെന്തു്;

(എഫ്) ശ്രീ. ഐസക്കു് ബേബി എന്ന ഒരു കരാറുകാരനു് കുമ്മായത്തിൽ ജോലി ചെയ്യുന്നതിനു് ടെൻഡർ സ്വീകരിച്ചു് ജോലി ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അയാൾ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ കുമ്മായത്തിൽ ചെയ്ത പണി ഇടിഞ്ഞുപൊളിഞ്ഞു് വീഴുമെന്നു് നേരത്തേകണ്ടു റിപ്പോർട്ടു് തന്നിരുന്നോ;

(എച്ചു്) അപ്രകാരം കെട്ടിയിടത്തോളം ഭാഗങ്ങളെല്ലാം പൊളിഞ്ഞു വീണോ;

(ഐ) രണ്ടാമതു ടെൻഡർ ക്ഷണിക്കാതെ സിമൻറിൽ കെട്ടാൻതന്നെ മേൽപടിയാളെ ഏൽപ്പിച്ചിട്ടുണ്ടോ;

(ജെ) ഇതുവഴി എത്ര ഉറുപ്പിക അധികച്ചെലവു് വന്നിട്ടുണ്ടു്;

(കെ) ഇതിനു് ഉത്തരവാദിയായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) അതെ.

(ബി) ശ്രീ. ഐ. ജി. വേലായുധനും, ശ്രീ. പി. ഐ. ഐസക്കിനും.

(സി) കുമ്മായത്തിനും മണ്ണിനും ഉള്ള ജോലികൾക്കു് വെവ്വേറെ നിരക്കുകൾ ആവശ്യപ്പെട്ടിരുന്നു.

(ഡി) എടുത്തിരുന്നു.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ശ്രീ. പി. ഐ. ഐസക്കിനു് കൊടുത്തിട്ടുണ്ടു്.

(ജി) ഇല്ല.

(എച്ചു്) കഠിനമായ മഴ കാരണം ഒരു ക്ലാസ്സുമുറിയുടെ മേൽവാതിൽ പടിക്കു് (Lintel) മുകളിൽ കെട്ടിയ കുറച്ചു ഭാഗം കേടുവരികയുണ്ടായി.

(ഐ) ഉണ്ടു്.

(ജെ) 7,500 രൂപ.

(കെ) നടപടിയുടെ കാര്യം പരിഗണനയിലിരിക്കുകയാണു്.

ക്ലാർക്കുമാരുടെ പ്രൊമോഷൻ

292. [10] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-11-57-നുമുമ്പു് സബ്ബ്സിയിൽ പ്രവേശിച്ചിട്ടുള്ള ക്ലാർക്കുമാർക്കു് പ്രമോഷൻ കാര്യത്തിൽ ബിരുദധാരികൾക്കും അല്ലാത്തവർക്കും തമ്മിൽ 1:1 എന്ന അനുപാതത്തിലുള്ള പ്രമോഷനു് അർഹതയുണ്ടോ;

(ബി) ഇപ്രകാരം അർഹത ലഭിക്കുന്ന ഓർഡറിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ നടത്തുന്ന വ്യവസ്ഥകളും അടങ്ങുന്ന ആർഡറിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഡി) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ മൂലം ആദ്യഡിപ്പാർട്ടുമെൻറിൽനിന്നു് മറ്റു ഡിപ്പാർട്ടുമെൻറിലേക്കു് വന്നിട്ടുള്ള ഗ്രാഡുവേറ്റുകളായ ക്ലാർക്കുമാർക്കു് അവർ സബ്ബ്സിയിൽ പ്രവേശിച്ചതു് 1-11-57-നുമുമ്പാണെങ്കിൽ 1:1 എന്ന അനുപാതക്രമം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-11-57-ൽ സർവ്വീസിൽ ഉള്ള ഗ്രാഡുവേറ്റുകൾക്ക് 1:1 എന്ന അനുപാതത്തിൽ പ്രമോഷനർഹതയുണ്ട്. കൂടാതെ 1-11-57-ൽ സർവ്വീസിലുള്ള അവസാനത്തെ ഗ്രാഡുവേറ്റിനു് അടുത്ത ഗ്രേഡിലേക്കു് പ്രൊമോഷൻ കിട്ടുന്നതിനുമുമ്പു് അയാളുടെ സീനിയർ ആയ നോൺ ഗ്രേഡുവേറ്റു് ഗ്രാഡുവേറ്റു ചെയ്താൽ ആ ആളിനും 1:1 എന്ന അനുപാതത്തിന്റെ പ്രയോജനം ലഭിക്കുന്നതാണു്. ഇതിനുംപുറമേ 1-11-57-നുമുമ്പു് പബ്ലിക്കു് സർവ്വീസു് കമ്മിഷൻ അഡ്വൈസു് ചെയ്തതും എന്നാൽ 1-11-57-നശേഷം മാത്രം ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചതുമായ ഗ്രാഡുവേറ്റുകൾക്കും ഈ അനുപാതത്തിന്റെ പ്രയോജനം ലഭിക്കുന്നതായിരിക്കും.

(ബി) ഇതു സംബന്ധിച്ചു് താഴെ പറയുന്ന ഓർഡറുകളുടെ കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(1) G. P. No. SC4-14527/56/PD dated 19-11-'57.
(2) G. O. (MS) No. 543/PD dated 4-7-'61.
(3) G. O. (MS) No. 365/PD dated 16-8-'63.

(സി) ഇതു സംബന്ധിച്ചു് പുറപ്പെടുവിച്ച ഓർഡർ G. O. (MS) No. 4/PD dated 2-1-'61-ന്റെ കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ഡി) 1-11-57 മുതൽ 16-4-59 വരെയുള്ള കാലയളവിൽ ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ വാങ്ങിയ ഗ്രാഡുവേറ്റുകൾക്കു് 1:1 എന്ന അനുപാതത്തിന്റെ പ്രയോജനം കൊടുക്കുവാൻ ഉത്തരവായിട്ടുണ്ടു്.

Tourist Bungalow at Munnar

293. [19] ശ്രീ. ടി. മുരുകേശൻ: കീഴ് കാണും വിഷയങ്ങൾക്കു മരാമത്തു് ഇലാകാ മന്ത്രിമി അവർകൾ വിടെ പകർവാർക്കളാക:

(എ) ദേവികുളം താലൂക്കിൽ മൂന്നാറിലുള്ള ടൂറിസ്റ്റു് ബംഗ്ലാവിൽ ഇപ്പോഴുള്ള എത്തനെ നാട്കളാക യാർ യാർ അതിലുള്ള രൂംകളിൽ ഇരുന്തു കൊണ്ടിരുക്കിറുർകളെന്റ വിവരങ്കൾ സർക്കാരിൻ കവനത്തുക്കു വന്തുണ്ടാ;

(ബി) ഇതിൻ കാരണമാക അവശ്യമാന കാരിയങ്കളൈ മുന്നിട്ടു മൂന്നാറുക്കു വരപ്പട്ട സർക്കാർ ഉത്തിയോകസ്തർകൾ, ടൂറിസ്റ്റുകൾ, ഇതരർകളുക്കു അങ്കു വന്തു തങ്കുവതർക്കുള്ള മാർക്കങ്കൾ ഇല്ലാമലിരുക്കിറപടിയാൽ ഇവൈകളൈ സർക്കാർ കവനം സെലുത്തി മറ്റവർകളുക്കു വസതികൾ ഉണ്ടാക്കുവതർക്കു തയവുണ്ടാകുമാ?

Answer

(a) Name and other details of the persons who occupy each Tourist Bungalow are not usually obtained by Government. A list showing the details of occupation of Tourist Bungalow at Munnar for the first 28 days of October, 1963 is appended. *

(b) Under the existing rules except for one room reserved for the use of Governor, Ministers and Speaker, accommodation in other rooms is provided on the principle of "First come—First served." So no special steps are necessary.

† Placed in the Library.

* Appendix IV

LIBRARY ARCHIVES Kerala Legislative Assembly